"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം- കോട്ടയം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീ. പ്രകാശ് കുമാർ. കെ. സി. യുടെ മകളുടെ വിവാഹാവശ്യത്തിന് വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2131/2024/LSGD തീയതി,തിരുവനന്തപുരം, 08-11-2024

---

പരാമർശം:-

1. 22/06/2017-ലെ സ.ഉ. (അച്ചടി) 83/2017/ധന നമ്പർ സർക്കാർ ഉത്തരവ്
2. 01/08/2023-ലെ സ. ഉ. (അച്ചടി) നം.82/2023/ധന നമ്പർ സർക്കാർ ഉത്തരവ്
3. ശ്രീ. പ്രകാശ് കുമാർ. കെ.സി., ഓഫീസ് അറ്റൻഡന്റ് സമർപ്പിച്ച 17/08/2024 -ലെ അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 19/10/2024-ലെ LSGD/PD/32974/2024-DEF2 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പ്രകാശ് കുമാർ. കെ. സി., തന്റെ മകളുടെ വിവാഹാവശ്യത്തിനായി പരാമർശം (1), (2) പ്രകാരം ടിയാന് അർഹതപ്പെട്ട 3,00,000/- രൂപ വായ്പയായി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. പ്രകാശ് കുമാർ. കെ. സി -യുടെ മകളുടെ വിവാഹാവശ്യത്തിലേയ്ക്കായി 6% പലിശനിരക്കിൽ 3,00,000/-രൂപ( മൂന്നു ലക്ഷം രൂപ മാത്രം) ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പയായി അനുവദിക്കുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610- സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ - 800- മറ്റ് മുൻകൂറുകൾ -90- ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ ത്തിനുള്ള മുൻകൂറുകൾ" എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

i) തുക കൈമാറുന്നതിന് മുൻപായി അപേക്ഷകനിൽ നിന്നും 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

ii) പരമാവധി തിരിച്ചടവ് കാലാവധി നാൽപത് തവണകളായി നിജപ്പെടുത്തേണ്ടതും തുക

കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iii) മുതലിനത്തിൽ തിരിച്ചുപിടിക്കുന്ന തുക '7610-സർക്കാർ ജീവനക്കാർക്ക് ഉള്ള വായ്പകൾ-800-മറ്റ് മുൻകൂറുകൾ -90-ക്ലാസ് IV ജീവനക്കാരുടെ പെൺ മക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ-രസീത്' എന്ന ശീർഷകത്തിലും ശേഷം പലിശയായി ഈടാക്കുന്ന തുക '0049-04-118-96 - other advances' എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

iv) ജീവനക്കാരൻ സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 1 വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

v) വായ്പാ തുക യഥാസമയം പിൻവലിച്ച് അപേക്ഷകന് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് 31.03.2025 - നോ അതിനുമുൻപോ സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

vi) പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകന്റെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തണം. വായ്പ അനുവദിച്ചു കൊണ്ടുള്ള അനുമതി 2024-25 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

vii) വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരന്റെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

viii) പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് ഫോർ/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹധനസഹായത്തിനുള്ള അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

1) ശ്രീ. പ്രകാശ് കുമാർ. കെ. സി., ഓഫീസ് അറ്റൻഡന്റ്, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്,കോട്ടയം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളാ, തിരുവനന്തപുരം
4) ധനകാര്യവകുപ്പ്(അ.ഔ. നമ്പർ 2951513 Loans-L2/415/2024-FIN dated 02/11/2024)
5) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Dipukumar S L
Date: 08-11-2024 11:50:04

സെക്ഷൻ ഓഫീസർ